ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) പ്ലാന്റേഷൻ വനങ്ങൾ മിക്കവാറും ജനവാസ കേന്ദ്രങ്ങളോട് ചേർന്നു കിടക്കുന്നതും ജനസഞ്ചാരമുള്ളവയുമാകയാൽ കഠിനമായ വരൾച്ച ഉണ്ടാകുന്ന അവസരങ്ങളിൽ വഴിപോക്കർ, അശ്രദ്ധമായി വലിച്ചെറിയുന്ന തീപ്പെട്ടിക്കൊള്ളി, സിഗരറ്റ്, ബീഡിക്കുറ്റികൾമൂലവും, കാലി മേയ്ക്കലിനും പുല്ലു ശേഖരിക്കുന്നതിനും വരുന്നവർമൂലവും സമീപ വാസികൾ ബോധപൂർവ്വം തീയിടുന്നതിനാലും ചെറുകിടവിഭവങ്ങൾ ശേഖരിക്കാൻ എത്തുന്നവരുടെ ശ്രദ്ധക്കുറവുമൂലവും കാട്ടുതീ ഉണ്ടാകാറുണ്ട്. കൂടാതെ കഠിനമായ ചൂടുമൂലം ചില അവസരങ്ങളിൽ പ്രകൃതിദത്തമായ തീ ഉണ്ടാകാറുണ്ട്.

(ബി) ഈ വർഷം സംസ്ഥാനത്തിന്റെ മിക്കവാറും വനമേഖലകളിൽ ചെറിയ തോതിൽ കാട്ടുതീ ഉണ്ടായിട്ടുണ്ട്. ഇത് അപ്പപ്പോൾ തന്നെ കണ്ടുപിടിച്ച് തീ അണയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാട്ടുതീ ഉണ്ടായ വിവരം ലഭിച്ചാൽ ഉടൻ തന്നെ അതു അണയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. തീ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഫയർ വാച്ചർമാരെ നിയമിച്ചും വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ പങ്കാളിത്ത അഗ്നിശമന പ്രവർത്തനങ്ങൾ നടത്തിയും തീ അണയ്ക്കാറുണ്ട്.

(ഡി) ഈ വർഷം സംസ്ഥാനത്താകെ 174 കാട്ടുതീ സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ട് ഇതുമൂലം 877 ഹെക്ടർ സ്ഥലത്ത് ഗ്രൗണ്ട് ഫയർ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതുമൂലം തിട്ടപ്പെടുത്തിയ നഷ്ടത്തിന്റെ കണക്ക് 29,200 രൂപയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിദേശത്തുനിന്നും ധനസഹായം ലഭിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ

13 (*548) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനുള്ള ഏതൊക്കെ പദ്ധതികൾക്കാണ് വിദേശത്ത് നിന്നുള്ള ധനസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(ബി) 2001 മേയ് മുതൽ ഇതുവരെയായി പ്രസ്തുത പദ്ധതികൾക്കായി ലഭിച്ചിട്ടുള്ള വിദേശസഹായം എത്രയെന്ന് വ്യക്തമാക്കാമോ :

(സി) പ്രസ്തുത പദ്ധതികളുടെ മേൽനോട്ടത്തിനായി കൺസൾട്ടൻസികളെ നിശ്ചയിച്ചിട്ടുണ്ടോ ; എത്ര കൺസൾട്ടൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കൺസൾട്ടൻസികൾക്ക് നൽകുന്ന ഫീസ് എത്രയെന്നും വായ്പ തിരിച്ചടയ്ക്കുന്നതിനായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഇ) വിദേശ സഹായത്തോടെ പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, മീനാടിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി (കൊല്ലം ജില്ല) ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്രശുദ്ധജലവിതരണ പദ്ധതി (ആലപ്പുഴ ജില്ല) കോഴിക്കോട് നഗരത്തിനും പ്രാന്ത പ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി (കണ്ണൂർ ജില്ല) എന്നീ അഞ്ച് പദ്ധതികൾ ഉൾപ്പെടുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ട് ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ ഓപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. കൂടാതെ ലോകബാങ്ക് ധനസഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി 'ജലനിധി' എന്ന പേരിൽ ഗ്രാമീണ കുടിവെള്ള പരിസര ശുചീകരണ പദ്ധതിയും നടപ്പാക്കുന്നുണ്ട്.

(ബി) ജെ.ബി.ഐ.സി.-യിൽ നിന്നും 31-12-2004 വരെ 15.52 കോടി രൂപയും ലോക ബാങ്കിൽ നിന്നും 95.66 കോടി രൂപയും സഹായം ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ജെ.ബി.ഐ.സി. സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ നടത്തിപ്പിനായി ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസ് കമ്പനി ലിമിറ്റഡ്, ജപ്പാൻ എന്ന കമ്പനി മുഖ്യ പാർട്ട്ണർ ആയ റ്റി.ഇ.സി. കൺസോർഷ്യത്തെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ മേൽനോട്ടത്തിനായി കൺസൾട്ടൻസികളെ നിയമിച്ചിട്ടില്ല.

(ഡി) ജെ.ബി.ഐ.സി. സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് 121.53 കോടി രൂപയാണ്. 10 വർഷത്തെ ഗ്രേസ് പീരീഡ് കഴിഞ്ഞ് 20 വർഷം കൊണ്ടാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്. ആദ്യത്തെ ഗഡുവായ 292.64 മില്യൺ ജാപ്പനീസ് യെൻ 2007 ഓഗസ്റ്റ് 20-നാണ് തിരിച്ചടയ്ക്കേണ്ടത്. ഇതിനുശേഷം 292.609 മില്യൺ യെൻ വീതം ഓരോ വർഷവും ഫെബ്രുവരി 20-നും ഓഗസ്റ്റ് 20-നും അവസാന ഗഡു 2027 ഫെബ്രുവരി 20-നുമാണ് തിരിച്ചടയ്ക്കേണ്ടത്. ലോകബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ലോകബാങ്കിന് വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്ര സർക്കാരാണ്.

2. വായ്പ തുക 2011 ഏപ്രിൽ 1-നും 2035 ഒക്ടോബർ 1-നും ഇടയിൽ അർദ്ധ വാർഷിക ഗഡുക്കളായി ഏപ്രിൽ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ അടയ്ക്കേണ്ടതാണ്.

3. 2020 ഒക്ടോബർ 1 വരെയുള്ള തവണകളിൽ ആകെ ലഭിക്കുന്ന വായ്പയുടെ 1.25% വീതവും അതിനുശേഷമുള്ള തവണകളിൽ 2.5% വീതവുമായിരിക്കും തിരിച്ചടയ്ക്കേണ്ടത്.

4. പ്രസ്തുത വായ്പയ്ക്ക് പലിശ ഈടാക്കുന്നില്ല. എന്നാൽ വായ്പയുടെ 0.5% കമ്മിറ്റ്മെന്റ് ചാർജ്ജും 0.75% സർവ്വീസ് ചാർജ്ജും നൽകേണ്ടതാണ്.

5. കമ്മിറ്റ്മെന്റ് ചാർജ്ജും സർവ്വീസ് ചാർജ്ജും ഓരോ വർഷവും ഏപ്രിൽ 1-നും ഒക്ടോബർ 1-നും അർദ്ധവാർഷിക തവണകളായി നൽകേണ്ടതാണ്.

6. സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിക്കുന്ന പ്രസ്തുത സഹായം അതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടയ്ക്കേണ്ടതാണ്.

(ഇ) ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

അണക്കെട്ടുകളുടെ ജലസംഭരണശേഷി

14 (*549) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ മൊത്തം ജലസംഭരണശേഷി എത്രയാണ് എന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ നദികളിലൂടെ കടലിലേക്ക് ഒഴുകിപ്പോകുന്ന മിച്ചജലത്തിന്റെ അളവ് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ജലനഷ്ടം ഒഴിവാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ജലസേചന വകുപ്പിന്റെ കീഴിലുള്ള 13 അണക്കെട്ടുകളോടനുബന്ധിച്ചുള്ള ജലസംഭരണികളിലെ മൊത്തം ജലസംഭരണശേഷി 1478.94 ദശലക്ഷം ഘനമീറ്ററാണ്.

LIBRARY ARCHIVES Kerala Legislative Assembly